## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.758** **11/03/2015-ൽ മറുപടിക്ക്**

**കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രി**

**ചോദ്യം**

ശ്രീ. എ കെ ശശീന്ദ്രൻ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ നിലവിൽ ഏതൊക്കെ സ്പെഷ്യൽ ക്ലിനിക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) | കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ ക്ലിനിക്കുകൾ താഴെപ്പറയുന്നവയാണ്:<br><br>1. സീതാലയം - വനിതകളുടെ മാനസികാരോഗ്യം<br>2. ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് - വന്ധ്യതാനിവാരണം<br>3. ഡിഅഡിക്ഷൻ സെന്റർ - ലഹരി വിമുക്ത ക്ലിനിക്ക്<br>4. സദ്ഗമയ - കൗമാരക്കാരുടെ മാനസിക ബൗദ്ധികാരോഗ്യ പരിപാടി<br>5. ആയുഷ് - ഹോളിസ്റ്റിക് ഹെൽത്ത് സെന്റർ (ഹോമിയോപ്പതി, ആയുർവേദം, നാച്ചുറോപ്പതി, യോഗ എന്നിവ സംയോജിപ്പിച്ച് ജീവിത ശൈലീരോഗ നിയന്ത്രണവും ചികിത്സയും) |
| (ബി) | സ്പെഷ്യൽ ക്ലിനിക്കുകളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (സി) | വാർഷിക പദ്ധതി പ്രകാരം ഭരണാനുമതി നൽകപ്പെടുന്ന പദ്ധതി വിഹിതത്തിന്റെ ഭൂരിഭാഗവും വേജസ് ഇനത്തിന് തുടർച്ചയായി ചെലവഴിക്കാനാവില്ലാത്തതിനാൽ അവശ്യ തസ്തികകൾ ഒഴികെയുള്ള തസ്തികകളിൽ ഹോമിയോപ്പതി വകുപ്പിലെ തന്നെ സ്ഥിരം മെഡിക്കൽ/ പാരാമെഡിക്കൽ ജീവനക്കാരെ നിയോഗിച്ച്കൊണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിമൂലം കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടി തത്കാലം സാധ്യമല്ല. |

| | | | |
|---|---|---|---|
| (ഡി) | ജില്ലാ ഹോമിയോ ആശുപത്രിയിലെ സ്പെഷ്യൽ ക്ലിനിക്കിന്റെ പ്രവർത്തന മികവ് പരിഗണിച്ച് ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാമോ ? | (ഡി) | സീതാലയത്തിന്റെയും സദ്ഗമയയുടെയും സേവനം സംസ്ഥാനമൊട്ടാകെ ലഭിക്കുന്നതിനുള്ള നടപടികൾ ഈ വർഷം മുതൽ സ്വീകരിച്ചിട്ടുണ്ട്. ആയുഷ് ഹോളിസ്റ്റിക് സെന്റർ തുടങ്ങിയ മറ്റ് സ്പെഷ്യൽ ക്ലിനിക്കുകളുടെ സേവനം കൂടി സംസ്ഥാനമൊട്ടാകെ ഘട്ടം ഘട്ടമായി ലഭിക്കുന്ന രീതിയിൽ വരും വർഷങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ